പ്ലസ് ടു അദ്ധ്യാപക നിയമനം

51 (1069) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 അദ്ധ്യയന വർഷം പ്ലസ് ടു അനുവദിച്ച സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽപോലും അദ്ധ്യാപകർക്ക് ശമ്പളം കിട്ടുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന് പരിഹാരം കാണാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2014-15 അദ്ധ്യയനവർഷത്തേയ്ക്ക് പുതിയ ഹയർസെക്കന്ററി സ്കൂളുകളും അധിക ബാച്ചുകളും അനുവദിച്ചപ്പോൾ ടി സ്കൂളുകളിൽ നിശ്ചിത യോഗ്യതയുള്ള ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്താനാണ് 31-7-2014-ലെ സ.ഉ.(കൈ) നമ്പർ 143/14/പൊ.വി. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) ഇതിന് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പ്ലസ് വൺ പ്രവേശനം

52 (1070) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വിദ്യാർത്ഥികളിൽ ഉപരിപഠനത്തിന് യോഗ്യത നേടിയവർ എത്ര ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) ഉപരിപഠനത്തിന് യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികൾക്കും പ്ലസ് വൺ പ്രവേശനം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദാംശം ലഭ്യമാക്കാമോ ;

(സി) ആനുവൽ സ്റ്റാറ്റസ് എജ്യുക്കേഷൻ റിപ്പോർട്ട് (ASER) പ്രകാരം സംസ്ഥാനത്തെ പഠനനിലവാരം കുറഞ്ഞുവരുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly